# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1348. | 04.02.2019-ന് മറുപടിയ്ക്ക് |
|---|---|

**ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ ആഘാത പഠനം**

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഭൂമി പൊന്നും വിലക്കെടുക്കുമ്പോൾ സാമൂഹ്യ ആഘാത പഠനം നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ എത്ര വിസ്തീർണത്തിലുള്ള ഭൂമി ഏറ്റെടുക്കുമ്പോഴാണ് പഠനം നടത്തേണ്ട തെന്ന് വിശദമാക്കാമോ; | (ബി) | എല്ലാ തരത്തിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും സാമൂഹ്യ ആഘാത പഠനം നിർബന്ധമാണ്. |
| (സി) | പഠനം നടത്തേണ്ടത് ഏത് ഏജൻസിയാണ്; | (സി) | 200 ആർ-ൽ താഴെയുള്ള ഭൂമി ഏറ്റെടുക്കൽ കേസുകളിൽ ജില്ലാ കളക്ടർമാർ എംപാനൽ ചെയ്തിട്ടുള്ള ജില്ലാതല ഏജൻസിയും 200 ആർ-ന് മുകളിലുള്ള ഭൂമി ഏറ്റെടുക്കൽ കേസുകളിൽ സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സംസ്ഥാനതല ഏജൻസിയുമാണ് സാമൂഹ്യ ആഘാത പഠനം നടത്തുന്നത്. |
| (ഡി) | 10 സെന്റ് വരെ ഭൂമി ഏറ്റെടുക്കുന്നതിന് ഈ വ്യവസ്ഥ ഒഴിവാക്കാൻ സാധിക്കുമോ; | (ഡി) | ഇല്ല |
| (ഇ) | ഡയറക്ട് പർച്ചേസിന് പൊന്നുംവില നിയമം ബാധകമല്ലാത്തതുകൊണ്ട് ഈ നിബന്ധനകളിൽ ഇളവ് നൽകാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഇ) | ഡയറക്ട് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്ന അവസരങ്ങളിൽ 2013-ലെ എൽ.എ.ആർ.ആർ നിയമം ബാധകമല്ലാത്തതിനാൽ സാമൂഹ്യ ആഘാത പഠനം നടത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ